# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 156 — 12.01.2021-ൽ മറുപടിക്ക്

## ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളുടെ പ്രവർത്തനം

| | ചോദ്യം<br><br>ശ്രീ. അനിൽ അക്കര | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2016 ജൂണിന് ശേഷം സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളെയാണ് നിയമിച്ചത്; വിശദാംശം നൽകുമോ; | (എ) യും (ബി) യും | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ എത്ര കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചുവെന്ന് അറിയിക്കുമോ; | | |
| (സി) | ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഗൗരവമായി പരിഗണിക്കുകയോ അവ നടപ്പിലാക്കുകയോ ചെയ്യുന്നില്ലായെന്ന ആക്ഷേപം പരിശോധിക്കുമോ; | (സി) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കേരള ഹൈക്കോടതിയിൽ മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിൽ ഉണ്ടായ പ്രശ്നം അന്വേഷിക്കുന്നതിന് നിയുക്തമായ ജസ്റ്റിസ് മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകി; | (ഡി) | ജസ്റ്റിസ് പി.എ. മുഹമ്മദ് അന്വേഷണ കമ്മീഷൻ 30.06.2020-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2016 നവംബർ 8-ാം തീയതിയിൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി നാൽപത്തി മൂന്ന് മാസവും പതിനെട്ട് ദിവസവും വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് ഇതിനകം എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ ? | (ഇ) | കമ്മീഷന് വേണ്ടി ആകെ 2,77,44,814/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പേര് | പരിശോധന വിഷയം | റിപ്പോർട്ട് സമർപ്പിട്ടുണ്ടോ |
|---|---|---|---|
| 1. | ജസ്റ്റിസ് പി.എ. മുഹമ്മദ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | 2016 ജൂലൈ 20-ന് ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന്. | ഉണ്ട്. |
| 2. | ജസ്റ്റിസ് പി.എസ്.ഗോപിനാഥൻ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | കൊല്ലം ജില്ലയിലെ പരവൂർ പുറ്റിങ്ങൽ ദേവീ ക്ഷേത്രത്തിൽ ഉണ്ടായ വെടിക്കെട്ട് ദുരന്തത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും അന്വേഷിക്കുന്നതിന്. | ഉണ്ട്. |
| 3. | ജഡ്ജ് പി.എസ്. ആന്റണി ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | 2017 മാർച്ച് 26-ന് മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിന്. | ഉണ്ട്. |
| 4. | ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | 31.03.2019-ന് അവസാനിച്ച സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതു മേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 4-ാം നമ്പർ റിപ്പോർട്ടിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസ്ട്രക്ഷൻ കരാറുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന്. | ഉണ്ട്. |
| 5. | ജസ്റ്റിസ് കെ.നാരായണക്കുറുപ്പ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാർ എന്നയാളുടെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന്. | ഉണ്ട്. |

| | | | |
|---|---|---|---|
| 6. | ജഡ്ജ് പി.കെ.ഹനീഫ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശെൽവപുരം അട്ടപ്പള്ളം എന്ന സ്ഥലത്ത് പതിമൂന്ന് വയസ്സും ഒൻപത് വയസ്സും പ്രായമുള്ള പെൺകുട്ടികൾ അസ്വാഭാവികമായ സാഹചര്യങ്ങളിൽ മരണപ്പെട്ടതിനെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന്. | ഉണ്ട്. |
| 7. | ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ | പോലീസ് വകുപ്പിന്റെ പർച്ചേസുകൾക്കും സേവന കരാറുകൾക്കും പ്രത്യേകം മാനദണ്ഡങ്ങളും, ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്. | ഇല്ല. |